തൃശൂർ
13/07/2017.

**പത്രക്കുറിപ്പ്**

കേരള സംഗീത നാടക അക്കാദമി അന്താരാഷ്ട്രനാടകോത്സവം

ഇറ്റ്ഫോക് 2018

**'തിയേറ്റർ ഓഫ് മാർജിനലൈസ്ഡ്'**

**(അരികുവത്കരിക്കപ്പെട്ടവരുടെ അരങ്ങ്)**

കേരളത്തിലെ അന്താരാഷ്ട്രനാടകോത്സവം പത്താം വർഷത്തിലേക്ക് കടക്കുകയാണ്. 'തിയേറ്റർ ഓഫ് മാർജിനലൈസ്ഡ്' എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തിയാണ് പത്താമത് ഇറ്റ്ഫോക് വിഭാവനം ചെയ്തിട്ടുള്ളത്. ആഗോളീകരണത്തിന്റെ ആധുനികകാലത്ത് ഏത് മാറ്റങ്ങളും പ്രകടമാകുന്നത് കലയിലും സംസ്കാരത്തിലുമാണ്. ലോകം പുരോഗതിയിലേക്ക് അതിദ്രുതം മുന്നേറുമ്പോൾ ആ വികസനത്തിന്റെ ഉപോത്പന്നമായി പ്രാന്തവത്കരിക്കപ്പെടുകയോ അന്യവത്കരിക്കപ്പെടുകയോ ചെയ്യുന്ന ചില ജീവിതങ്ങളുണ്ട്. അവർക്കും ചിലത് പറയാനുണ്ട്. അത് കേൾക്കാൻ ഈ സമൂഹത്തിന് ബാദ്ധ്യതയുമുണ്ട്. ആ ശബ്ദങ്ങളെ ജനങ്ങളിലെത്തിക്കുന്ന മാധ്യമമാകുമ്പോഴാണ് നാടകം എന്ന കലാരൂപം സാർഥകമാകുന്നത്. കേരളത്തിലെ അന്തർദേശീയ നാടകോത്സവം ഒരു ദശകം പൂർത്തിയാക്കുന്ന ഈ ഘട്ടത്തിൽ ആഗോളവത്കരണം അരികിലേക്ക് തള്ളിമാറ്റിയ ജീവിതങ്ങളെ പ്രേക്ഷകർക്ക് മുന്നിലെത്തിക്കുകയാണ്.

2018 ജനുവരിയിൽ നടക്കുന്ന നാടകോത്സവത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവരിൽ നിന്ന് കേരള സംഗീത നാടക അക്കാദമി അപേക്ഷകൾ ക്ഷണിയ്ക്കുന്നു. അന്താരാഷ്ട്ര നാടകോത്സവത്തിന്റെ വെബ്സൈറ്റായ www.theatrefestivalkerala.com വഴിയോ theatrefestivalkerala@gmail.com എന്ന ഇമെയിൽ വിലാസത്തിലോ കേരള സംഗീത നാടക അക്കാദമി, ചെമ്പൂക്കാവ്, തൃശൂർ 680 020, കേരളം. എന്ന തപാൽ വിലാസത്തിലോ അക്കാദമി ഓഫീസിൽ നേരിട്ടോ ജൂലായ് 15 മുതൽ സെപ്തംബർ 15 വരെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. അപേക്ഷാഫോമുകൾ വെബ്സൈറ്റിൽനിന്നും തൃശൂരിലെ അക്കാദമി ഓഫീസിൽനിന്നും ലഭ്യമാകും.